# പതിനാലാം കേരള നിയമസഭ
# പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4225 13.12.2018-ൽ മറുപടിക്ക്

## വ്യവസായ വകുപ്പിന് കീഴിലുള്ള സ്പിന്നിംഗ് മില്ലുകളിൽ നിയമനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.ഉബൈദുള്ള | ശ്രീ.ഇ.പി.ജയരാജൻ (വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| (എ) വ്യവസായ വകുപ്പിന് കീഴിലുള്ള മില്ലുകളിൽ നിയമനം നടത്തുന്നതിന് അനുമതി നല്കി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; പ്രസ്തുത ഉത്തരവ് ഹൈക്കോടതി സ്റ്റേ ചെയ്തിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) വ്യവസായ വകുപ്പിന് കീഴിലുള്ള സഹകരണ പൊതുമേഖലാ മില്ലുകളിൽ മാനേജീരിയൽ/ സൂപ്പർവൈസർ തസ്തികകളിലെയും സ്റ്റാഫ്/ വർക്കർ കാറ്റഗറി വിഭാഗത്തിലെയും നിലവിലുള്ള ഒഴിവുകളിൽ, സർക്കാർ കാലാകാലങ്ങളിൽ ഉത്തരവായിട്ടുള്ള മാതൃകയിൽ, സുതാര്യമായും വ്യവസ്ഥാപിതവുമായ രീതിയിൽ നിയമനം നടത്തുന്നതിന് നടപടികൾ സ്വീകരിക്കുന്നതിന് സർക്കാർ അനുമതി നല്കിയിട്ടുണ്ട്. പ്രസ്തുത അനുമതിയിന്മേലുള്ള ഹൈക്കോടതി സ്റ്റേ നീക്കം ചെയ്തിട്ടുണ്ട്. |
| (ബി) പൊതു മേഖലയിലും സഹകരണ മേഖലയിലുമുള്ള സ്പിന്നിംഗ് മില്ലുകളിൽ വർക്കർ, സ്റ്റാഫ്, സൂപ്പർ വൈസർ, മാനേജീരിയൽ തസ്തികകളിൽ നിലവിലുള്ള ഒഴിവുകൾ മില്ലുകൾ തിരിച്ച് വെളിപ്പെടുത്തുമോ;അവ പി.എസ്. സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; | (ബി) പൊതുമേഖലയിലും ടെക്സ്ഫെഡിനു കീഴിലുള്ള വിവിധ മില്ലുകളിലെ നവീകരണ പ്രവർത്തനങ്ങൾ നടന്നു വരികയാണ്. മില്ലുകളിലെ ദീർഘകാല കരാർ പുതുക്കുന്നതു സംബന്ധിച്ച് ഐ.ആർ.സി തലത്തിൽ ചർച്ചയും നടത്തി വരികയാണ്. കരാർ പുതുക്കിയ ശേഷമേ വർക്കർ തസ്തികകളിലെ ഒഴിവുകളുടെ എണ്ണം നിർണ്ണയിക്കാൻ സാധിക്കുകയുള്ളൂ.<br><br>കേരളാ സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന്റെ മില്ലുകളിൽ കേരളാ പബ്ലിക് സർവ്വീസ് കമ്മീഷന് വിട്ടിരിക്കുന്ന സ്റ്റാഫ്, സൂപ്പർവൈസർ, ജൂനിയർ മാനേജർ കാറ്റഗറി ഒഴിവുകൾ പി.എസ്സ്.സിക്ക് റിപ്പോർട്ട് ചെയ്യുന്നുണ്ട്.<br><br>കേരളാ സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന്റെ കീഴിലുള്ള മില്ലുകളിലുള്ള ഒഴിവുകളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

| | |
|---|---|
| (സി) നിയമന നടപടികൾക്കായി ഇതുവരെ സ്വീകരിച്ച നടപടികൾ വിശദീകരി ക്കാമോ? | (സി) കേരളാ സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന്റെ മില്ലുകളിൽ കേരളാ പബ്ലിക് സർവ്വീസ് കമ്മീഷന് വിട്ടിരിക്കുന്ന സ്റ്റാഫ്, സൂപ്പർവൈസർ തസ്തികകളിൽ താൽക്കാലികാടിസ്ഥാനത്തി ലുള്ള നിയമനങ്ങൾക്കുള്ള നടപടിയും, വർക്കർ, മാനേജീരിയൽ വിഭാഗത്തിലേക്ക് ഉള്ള സ്ഥിര നിയമനങ്ങൾക്കായുള്ള നടപടികളും സ്വീകരി ക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>ഉദുമ, കോമളപുരം സ്പിന്നിംഗ് മില്ലുകളിലും ഹൈടെക് വീവിംഗ് മിൽ, പിണറായി എന്നിവി ടങ്ങളിൽ ബഹു.കോടതി നിർദ്ദേശ പ്രകാരം നിയമനം നടത്തിവരികയാണ്.<br><br>ടെക്സ്ഫെഡിനു കീഴിലുള്ള മില്ലുകളിൽ ഇതുവരെ നിയമന നടപടികൾ ആരംഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ

അനുബന്ധം

**കേരളാ സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന്റെ മില്ലുകളിലുള്ള ഒഴിവുകൾ താഴെപ്പറയും പ്രകാരമാണ്.**

| മില്ലുകളുടെ പേര് | വർക്കർ | സ്റ്റാഫ് | സൂപ്പർവൈസർ | മാനേജീരിയൽ | ആകെ |
|---|---|---|---|---|---|
| മലബാർ സ്പിന്നിംഗ് & വീവിംഗ് മിൽ | 24 | 4 | 2 | 2 | 32 |
| എടരിക്കോട് ടെക്സ്റ്റൈൽസ് | 86 | 3 | 1 | 3 | 93 |
| കോട്ടയം ടെക്സ്റ്റൈൽസ് | 84 | 4 | 3 | 3 | 94 |
| പ്രഭുറാം മിൽ | 109 | 9 | 3 | 3 | 124 |
| കോമളപുരം സ്പിന്നിംഗ് & വീവിംഗ് മിൽ | 7 | 6 | 7 | 2 | 22 |
| ഹൈ-ടെക് വീവിംഗ് മിൽ പിണറായി | 55 | 6 | 6 | 3 | 70 |
| ഉദുമാ ടെക്സ്റ്റൈൽസ് | 64 | 8 | 3 | 2 | 77 |

സെക്ഷൻ ഓഫീസർ